(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഏറ്റുമാനൂരിൽ എത്രയും വേഗം ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ആകെ 61 ഫയർ സ്റ്റേഷനുകൾ ഉണ്ട്.

തിരുവനന്തപുരം	-	5
കൊല്ലം	-	5
കോട്ടയം	-	5
ആലപ്പുഴ	-	3
എറണാകുളം	-	11
തൃശ്ശൂർ	-	5
ഇടുക്കി	-	3
പാലക്കാട്	-	4
മലപ്പുറം	-	3
കാസർഗോഡ്	-	3
കണ്ണൂർ	-	4
കോഴിക്കോട്	-	6
വയനാട്	-	1
പത്തനംതിട്ട	-	3

(ബി)(സി)&(ഡി) നിവേദനം ലഭിച്ചതായി കാണുന്നില്ല ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഒരു മുൻഗണനാപട്ടിക തയ്യാറാക്കിയതിനുശേഷമാണ് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്. പുതിയ മുൻഗണനാപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

126 (2439) ലീഡിംഗ് ഫയർമാൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

ശ്രീ. ജോർജ്ജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ സർവ്വീസിംഗ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) എങ്കിൽ അതിലെ വ്യവസ്ഥ അനുസരിച്ച് ലീഡിംഗ് ഫയർമാൻ പോസ്റ്റിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുവേണ്ട വിദ്യാഭ്യാസയോഗ്യത എന്തെല്ലാമാണ്;

(സി) ഈ വിദ്യഭ്യാസയോഗ്യത ഇല്ലാത്തവർക്ക് ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായതിന്റെ അടിസ്ഥാനത്തിൽ ലീഡിംഗ് ഫയർമാൻ പോസ്റ്റിലേയ്ക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ എത്രപേർക്ക്;

(ഇ) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് ലീഡിംഗ് ഫയർമാൻ കോഴ്സ് പാസ്സായതിന്റെ അടിസ്ഥാനത്തിൽ ലീഡിംഗ് ഫയർമാനായി പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയോ പ്രസ്തുത പോസ്റ്റിനു അർഹമായ ശമ്പളം കൊടുക്കുകയോ ചെയ്തുവരുന്നുണ്ടോ;

(എഫ്) എങ്കിൽ എന്ത് അടിസ്ഥാനത്തിലെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം ഫയർമാൻ തസ്തികയിൽ നിന്നും ലീഡിംഗ് ഫയർമാൻ തസ്തികയിലേയ്ക്ക് പ്രമോഷനുവേണ്ടി പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല. സർവ്വീസിലുള്ള ഫയർമാൻ ലീഡിംഗ് ഫയർമാൻ പ്രമോഷനുള്ള യോഗ്യതാ നിർണ്ണയ പരീക്ഷ വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുകയാണ് ചെയ്യുന്നത്.

(സി) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലീഡിംഗ് ഫയർമാനായി ആർക്കും പ്രമോഷൻ നൽകിയിട്ടില്ല.

(ഡി)(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

127 (2440) നെടുമങ്ങാട് താലൂക്കാസ്ഥാനത്ത് ഫയർ സ്റ്റേഷനു അനുമതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കാസ്ഥാനത്ത് ഫയർ സ്റ്റേഷനു അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത്;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ഫയർ സ്റ്റേഷൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിയ്ക്കാൻ നിർവ്വാഹമില്ല.

128 (2441) ഫയർ സർവ്വീസിൽ ഡ്രൈവർമാരുടെ പ്രമോഷൻ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ സർവ്വീസിൽ ഡ്രൈവർമാരായി നിയമിക്കപ്പെട്ട എത്രപേരെ ഈ ഗവൺമെന്റിന്റെ കാലത്ത് മെക്കാനിക്കുകളായി പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഇപ്രകാരം പ്രമോഷൻ ലഭിച്ചവരുടെ യോഗ്യത എന്തെല്ലാം എന്നു വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly